**പതിനഞ്ചാം കേരള നിയമസഭ**

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി I**

## (SUBJECT COMMITTEE I)

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ആറാമത് റിപ്പോർട്ട്**
**(2026-27)**

# SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2026-27)

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd February 2026)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്
(2026-27)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-27)

213/2026.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. എസ്. കിരൺബോസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2026-27 സാമ്പത്തികവർഷത്തെ ബജറ്റിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സൺ ആയ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ 2026 ഫെബ്രുവരി 6,10 എന്നീ തീയതികളിൽ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി

ധനാഭ്യർത്ഥന നമ്പർ XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI – മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി മാസം 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. പ്രസാദ്,

തിരുവനന്തപുരം,
2026 മാർച്ച് 23.

ചെയർപേഴ്സൺ,
*സബ്ജക്ട് കമ്മിറ്റി* I.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIX

വോട്ട് ചെയ്തത് : 4147,16,13,000 രൂപ

ചാർജ്ജ് ചെയ്തത് : 5,00,000 രൂപ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

വിഹിതം : 60,00,000 രൂപ (പദ്ധതിയേതരം)

1. മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും പെൻഷനും ക്ഷാമബത്തയും ഓണം അലവൻസും നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-001-86—ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

വിഹിതം : 7,59,00,000 രൂപ (പദ്ധതി)

2. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഹോണറേറിയം, ഹാർഡ് വെയർ സംഭരണവും HR സംബന്ധിയായ പോർട്ടലുകളുടെ വികസനവും, ഐ.സി.ടി. ഇൻഫ്രാസ്ട്രക്ചർ (വീഡിയോ കോൺഫറൻസ്/വെർച്വൽ ക്ലാസ്റൂം) ഓഫീസുകളിലേക്കുള്ള കെ-ഫോൺ കണക്റ്റിവിറ്റി, എം.ഐ.എസ്. (MIS) & ഡി.ബി.റ്റി (DBT) വികസനം, ഇ-ഓഫീസ് നടപ്പിലാക്കലും പരിപാലനവും എന്നീ ഘടകങ്ങളിലായി 5.41 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 93,60,00,000 രൂപ (പദ്ധതി)

3. നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റിയിൽ കുടിശ്ശികയായ തുക അനുവദിക്കുന്നതിനായും സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടകത്തിനായും 2025-26 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ നൽകുന്നതിനായും ആലപ്പുഴ ജില്ലയിലെ ഉപ്പുവെള്ളം കയറിയ പ്രദേശങ്ങളിലെ നെല്ല് ഗുണനിലവാരം കുറയുകയും സപ്ലൈകോ വഴി സംഭരിക്കുവാൻ സാധിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ ഓയിൽ പാം ഇന്ത്യ വഴി സംഭരിക്കുന്നതിനായി

സർക്കാർ ഉത്തരവ് പ്രകാരം ഇതേ ശീർഷകത്തിൽ നിന്നും തുക നൽകിയതുമൂലമുണ്ടായ കുറവ് നികത്തുന്നതിനായും 126.9229 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-76-02—കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടക പദ്ധതി - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

4. "പെർ ഡ്രോപ്പ് മോർ ക്രോപ്" പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 17.808455 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-75-02—ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

5. " ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 14.85 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-72-02— ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ- (ചെറുധാന്യങ്ങൾ 60 : 40)

വിഹിതം : ഇല്ല

6. "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 72.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-87—നാളികേര വികസനം

വിഹിതം : 73,00,00,000 രൂപ (പദ്ധതി)

7. 2026-27 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 85 കേര ഗ്രാമങ്ങൾ, 24 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, 2025-26 വർഷത്തെ പ്രതിബദ്ധ ചെലവുകൾ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-74-01—നാളികേര വികസന ബോർഡ് പദ്ധതികൾ - (സംസ്ഥാന വിഹിതം) - പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം : ഇല്ല

8. നാളികേര വികസന ബോർഡ് പദ്ധതിയുടെ ഭാഗമായി വിത്ത് തേങ്ങാ സംഭരിച്ച് തൈകൾ ഉത്പാദിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാന വിഹിതമായി 47.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

വിഹിതം : 11,94,00,000 രൂപ (പദ്ധതി)

9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിംഗ് ലഭിക്കാത്ത കേരളത്തിലെ ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മയുടെ നടീൽ വസ്തുക്കളുടെ ഉല്പാദന ചെലവ് എന്നിവയ്ക്കും സംയോജിത കൃഷി, കൃത്യത കൃഷി തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഹൈടെക് ഫാമിങ്, ടിഷ്യൂകൾച്ചർ എന്നിവയ്ക്കായി താൽകാലികമായി ടെക്നിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനായും 3 കോടി രൂപയും തിരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ജില്ലാ കൃഷിത്തോട്ടം നേരിയമംഗലം, ഓറഞ്ച് ആന്റ് വെജിറ്റൽ ഫാം നെല്ലിയാംപതി എന്നിവയ്ക്ക് അംഗീകൃത ഏജൻസി വഴി കാർബൺ ഫുട്ട് പ്രിന്റ് വിലയിരുത്തലിനായും 50 ലക്ഷം രൂപയും ഉൾപ്പെടെ 3.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-86 (01)—ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി- കടാശ്വാസ കമ്മീഷൻ

വിഹിതം : 24,90,07,000 രൂപ (പദ്ധതിയേതരം)

10. കേരള സംസ്ഥാന കാർഷിക  കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 250 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-72-02—പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

11. ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം രണ്ട് ശീർഷകങ്ങളിലും കൂടി ആവശ്യമായ 17.8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-70-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി-സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : 2,67,00,000 രൂപ (പദ്ധതി)

12."സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 267 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 400.5 ലക്ഷം രൂപ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.6571 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-69-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

വിഹിതം : 2,67,00,000 രൂപ (പദ്ധതി)

13. "റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 267 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 400.5 ലക്ഷം രൂപ

സർക്കുലർ നമ്പർ 02/2025/Fin. Dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 25.365 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-68-02—കാർഷിക വനവൽക്കരണ ഉപ പദ്ധതി (60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാനവിഹിതം

വിഹിതം : ഇല്ല

14. "കാർഷിക വനവൽക്കരണ ഉപ പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 3.1656 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-66—കൃഷി സമൃദ്ധി

വിഹിതം : 1,00,000 രൂപ (പദ്ധതി)

15. പദ്ധതിയുടെ ഭാഗമായി വാർഡ് തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉൽപാദക സംഘടനകൾ എന്നിവയെ പങ്കെടുപ്പിച്ച് യോഗങ്ങൾ, പരിശീലന പരിപാടികൾ പ്രചാരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് അടിസ്ഥാനമായ മൈക്രോപ്ലാനുകളുടെ തയാറാക്കലും അന്തിമമാക്കലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തുന്നതിനും മൈക്രോപ്ലാനുകളിൽ തിരിച്ചറിഞ്ഞ നിർണ്ണായക വിടവുകൾ പരിഹരിക്കുന്നതിനും പദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രായോഗികമായി കൈവരിക്കുന്നതിനുമായി 4.49 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-65-02—ദേശീയ പ്രകൃതി കൃഷി ദൗത്യം 60% CSS 40 % സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

16. "ദേശീയ പ്രകൃതി കൃഷി ദൗത്യം" പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 7.3844 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-86—ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

17. രണ്ട് രാസവള പരിശോധനാ ലാബുകളും ആധുനീകരിക്കുന്നതിനും പരിശോധനാ ഉപകരണങ്ങളുടെ റിപ്പയർ, അറ്റകുറ്റപ്പണികൾ, സംരക്ഷണം, ലബോറട്ടറിയുടെ വൈദ്യുതീകരണം, വളം സാമ്പിളുകളുടെ ഗുണനിലവാര പരിശോധനക്കാവശ്യമുള്ള രാസവസ്തുക്കളുടെ വാങ്ങൽ, പുതിയ ഉപകരണങ്ങൾ വാങ്ങൽ, റിവോൾവിംഗ് ഫണ്ട്, ബി.എം.എഫ്.സിയുടെ നിലവിലുള്ള ടിഷ്യൂകൾച്ചർ ലാബിന്റെ നവീകരണം, ഗ്രീൻ ഹൗസുകളുടെ അറ്റകുറ്റപ്പണി, ഓഫീസ് കെട്ടിടങ്ങളുടെ റീവയറിങ്ങ്, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ വിപുലീകരണം, നവീകരണം കേന്ദ്ര രജിസ്ട്രേഷൻ നിലനിർത്തൽ ഉൽപാദന ശേഷി വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 1.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-85—ഓർഗാനിക് ഫാമിംഗ്

വിഹിതം : 5,25,00,000 രൂപ (പദ്ധതി)

18. പദ്ധതിക്ക് കീഴിൽ പ്രവർത്തിക്കുന്ന കരാർ ജീവനക്കാരുടെ സാലറി ഘടകമായ സപ്പോർട്ട് ഫോർ ഇംപ്ലിമെന്റേഷനിൽ 9.0075 ലക്ഷം രൂപയും Promotion of organic farming and GAP Cultivation in crops including Certification എന്ന ഘടകത്തിൽ 60 ലക്ഷം രൂപയും ഉൾപ്പെടെ 69.0075 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-107-78 —വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം : 13,00,00,000 രൂപ (പദ്ധതി)

19. പദ്ധതിയുടെ ഭാഗമായി ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് വേതന വർദ്ധനവ് വരുത്തി മറ്റ് പദ്ധതികളിലെ കരാർ ജീവനക്കാർക്ക് നൽകി വരുന്ന നിരക്കിൽ ശമ്പളം (സർക്കാർ ഉത്തരവ് Go(P)29/2021/fin. Dtd 11-2-2021 പ്രകാരം) അനുവദിക്കുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-84—കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

20. 'കേരള കർഷകൻ' മാസിക ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായി 1.64 കോടി രൂപയും മറ്റ് പ്രധാന പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശില്പശാലകൾ, മേളകളുടെ നടത്തിപ്പും പങ്കാളിത്തവും ഉപദേശക സമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധന ചെലവുകൾ എന്നിവയ്ക്കായി 1.286 കോടി രൂപയും ഉൾപ്പെടെ 2.926 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം : 14,90,00,000 രൂപ (പദ്ധതി)

21. കാർഷിക വികസന പരിപാടികളുടെ വിജയത്തിനായി ഫീൽഡ് തലത്തിൽ നടത്തുന്ന വിജ്ഞാന വ്യാപനം പദ്ധതിയുടെ പൊതുജനപങ്കാളിത്തം എന്ന ഘടകത്തിന് കീഴിൽ കർഷക സഭ, ഞാറ്റുവേല ചന്തകൾ എന്നിവ നടത്തുന്നതിനായി ആവശ്യമായ 6.14 ലക്ഷം രൂപ ഉൾപ്പെടെ 107.14 ലക്ഷം രൂപയും കൃഷി പാഠശാല നടപ്പിലാക്കുന്നതിനായി 7 ലക്ഷം രൂപയും അഗ്രോ ക്ലിനിക്കുകൾ നടത്തുന്നതിനായി 16.52 ലക്ഷം രൂപയും സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായി 99 ലക്ഷം രൂപയും ലീഡ്സ് പദ്ധതിക്ക് 45 ലക്ഷം രൂപയും ഉൾപ്പെടെ 2.7466 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-65-02—അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജനയും- മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 6,35,46,000 രൂപ (പദ്ധതി)

22. ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി മുൻവർഷം 7647.32 ലക്ഷം രൂപ ആവശ്യമായി വന്നതിനാൽ നടപ്പുവർഷം 70.1186 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-64-02—അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജന - എൻ.എം.എ.ഇ.റ്റി. - എസ്.എം.എ.ഇ. (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

വിഹിതം : 8,90,00,000 രൂപ (പദ്ധതി)

23. "സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 890 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1335 ലക്ഷം രൂപ സർക്കുലർ നമ്പർ 02/2025/Fin. Dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 16.6875 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-59-02—രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 13,35,00,000 രൂപ (പദ്ധതി)

24. "രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 13.35 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 20.025 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 89.445 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-58-02—കാർഷിക യന്ത്രവത്ക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

25. "സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 17.8 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 26.7 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 88.19188 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-57-02—തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : 10,68,00,000 രൂപ (പദ്ധതി)

26. "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10.68 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 16.02 കോടി രൂപ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 84.55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-110-82—പുനർസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

വിഹിതം : 33,14,00,000 രൂപ (പദ്ധതി)

27. എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച 31-5-2024 മുതൽ 28-1-2026 വരെയുള്ള വിളനാശത്തിനുള്ള ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 43.3358711 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-111-96-02—ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) - സംസ്ഥാന വിഹിതം

വിഹിതം : 7,12,00,000 രൂപ (പദ്ധതി)

28. "ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 712 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1068 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin. dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 11.8667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-111-95—കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേനൈസേഷൻ (കേരാ)-ലോക ബാങ്ക് സഹായം

വിഹിതം : 100,00,00,000 രൂപ (പദ്ധതി)

29. കേര പദ്ധതിയിലൂടെ സംസ്ഥാനത്ത് 661 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന വിഹിതമായി 98 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-114-97-02—<u>നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് -ഓയിൽ പാം- (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം</u>

വിഹിതം : ഇല്ല

30. "നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ <u>1.449988 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-119-85—<u>കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം</u>

വിഹിതം : 60,45,00,000 രൂപ (പദ്ധതി)

31. പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി വിവിധ ഏജൻസികൾ മുഖേനയുള്ള പച്ചക്കറി വിത്ത് വിതരണവുമായി ബന്ധപ്പെട്ടുകൊണ്ട് 11 ജില്ലകളിലായി 196500 വിത്ത് പാക്കറ്റുകൾ 2.5 രൂപ നിരക്കിൽ വിതരണം ചെയ്ത വകയിൽ കെ. എസ്. എസ്. ഡി. എ.ക്ക് അനുവദിക്കുന്നതിനായി 3.028779 കോടി രൂപയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മാനേജ്മെന്റ് ചെലവുകൾക്കായി 1 കോടി രൂപയും സമഗ്ര പച്ചക്കറി വികസനം പദ്ധതിയിൻകീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് 2026-27 സാമ്പത്തിക വർഷം വേതനം മാറി നൽകുന്നതിന് 33.93 ലക്ഷം രൂപ Technical support and contractual appointments എന്ന ഘടകത്തിലും ഉൾപ്പെടെ <u>4.368079 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-119-81—<u>പച്ചക്കറി വികസനം വി.എഫ്. പി.സി.കെ. യ്ക്കുള്ള ധനസഹായം</u>

വിഹിതം : 18,00,00,000 രൂപ (പദ്ധതി)

32. വി. എഫ്. പി. സി. കെ. യ്ക്കുള്ള പച്ചക്കറി വികസന പദ്ധതി, എലവഞ്ചേരി മാതൃക കൃഷിരീതി, വന്യജീവി അക്രമണത്തിൽ നിന്നും സംരക്ഷണം, വിദേശ പഴവർഗ്ഗങ്ങളുടെ പ്രചരണം എന്നീ ഘടകങ്ങൾക്കായി 54.<u>55 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2401-00-119-78—കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

33. 2026-27 വർഷത്തിൽ കുട്ടനാട് മേഖലയിൽ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സെറ്റുകൾ സൗജന്യമായി സ്ഥാപിച്ച് വൈദ്യുതീകരണത്തിനായി 33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-119-77—കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി - അടിസ്ഥാന വില

വിഹിതം : 50,00,000 രൂപ (പദ്ധതി)

34. പഴങ്ങൾക്കും പച്ചക്കറികൾക്കും വില കുറയുന്ന സാഹചര്യത്തിൽ പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകർക്ക് നൽകുന്ന കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതിയ്ക്കായി 2024-25 വർഷത്തെ കുടിശ്ശിക മാറി നൽകുന്നതിനും എയിംസ് പോർട്ടലിൽ അപേക്ഷിച്ച കർഷകരുടെ 2025-26 വർഷത്തെ ക്ലെയിമുകൾ അനുവദിക്കുന്നതിനും അടിസ്ഥാന വില പദ്ധതിയിൽ പുതുതായി 5 വിളകൾ ഉൾപ്പെടുത്തുന്നതിനും നിലവിലുള്ളവയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളതിനാലും 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-188-99—വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (വി.എഫ്.പി.സി.കെ)

വിഹിതം : 56,76,000 രൂപ (പദ്ധതിയേതരം)

35. പദ്ധതിയേതര ഗ്രാന്റായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.696 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-191-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

36. മുൻ വർഷങ്ങളിലെ കുടിശ്ശിക തുക മാറി നൽകുന്നതിനായി 95.74 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-192-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

37. മുൻ വർഷങ്ങളിലെ കുടിശ്ശിക തുക മാറി നൽകുന്നതിനായി 2.9817 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

38. മുൻ വർഷങ്ങളിലെ കുടിശ്ശിക തുക മാറി നൽകുന്നതിനായി 57.8646 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-92-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി-സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 30,00,000 രൂപ (പദ്ധതി)

39. "സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 30 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 45 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 29.86 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-83-02—പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

40. "ഭാരതീയ പ്രകൃതി കൃഷി പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025

പ്രകാരം രണ്ട് ശീർഷകങ്ങളിലും കൂടി ആവശ്യമായ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-82-02—കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷിസിഞ്ചായ് യോജനയുടെ ഘടകപദ്ധതി - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

41. "പെർ ഡ്രോപ്പ് മോർ ക്രോപ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.00095 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-80-02—കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ദേശീയ മിഷൻ (എസ്.എം.എ.ഇ) കീഴിലുള്ള കാർഷിക വ്യാപനത്തിനുള്ള ഉപ പദ്ധതി (എസ്.എം.എ.ഇ.) സംസ്ഥാന വിഹിതം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

42. "സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 100 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 150 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.875 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-79-02—രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

43. "രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 2.25 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ

സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 10.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-78-02—കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം -സംസ്ഥാന വിഹിതം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

44. "സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 9.9092 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-77-02—തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

45. "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1.8 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 9.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-76-02—ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി -നെല്ല് (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

46. "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല് " എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-74-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : 30,00,000 രൂപ (പദ്ധതി)

47. "റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 30 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 45 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.85 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-73-02—കാർഷിക വനവൽക്കരണ ഉപ പദ്ധതി (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

48. "കാർഷിക വനവത്ക്കരണ ഉപ പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 35.57 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-72-02—നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് -ഓയിൽ പാം - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

49. "നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 16.292 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-70-02—ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷനൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

വിഹിതം : 80,00,000 രൂപ (പദ്ധതി)

50. "ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 80 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 120 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.3333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-69-02—ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

51. "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-789-68-02—ദേശീയ പ്രകൃതി കൃഷി ദൗത്യം (60% CSS ) -സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

52. "ദേശീയ പ്രകൃതി കൃഷി ദൗത്യം" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 82.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-92-02—ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാനവിഹിതം

വിഹിതം : 3,00,000 രൂപ (പദ്ധതി)

53. "സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 3 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 4.5 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-83-02—പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

54. ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം രണ്ട് ശീർഷകങ്ങളിലും കൂടി ആവശ്യമായ 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-81-02—പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) യുടെ പി.ഡി.എം.സി. ഘടകം -(60% - സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

55. "പെർ ഡ്രോപ്പ് മോർ ക്രോപ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 20.0095 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-79-02—കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ദേശീയ മിഷൻ (എസ്.എം.എ.ഇ.) കീഴിലുള്ള കാർഷിക വ്യാപനത്തിനുള്ള ഉപപദ്ധതി (എസ്.എം.എ.ഇ.)(60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

വിഹിതം : 10,00,000 രൂപ (പദ്ധതി)

56. "സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 15 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 18.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-78-02—രാഷ്ട്രീയ കൃഷി വികാസ് യോജന-(60% കേന്ദ്രാവിഷ്കൃതം)-സംസ്ഥാന വിഹിതം

വിഹിതം : 15,00,000 രൂപ (പദ്ധതി)

57. "രാഷ്ട്രീയ കൃഷി വികാസ് യോജന" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 22.5 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.005 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-77-02—കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 20,00,000 രൂപ (പദ്ധതി)

58. "സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 99.092 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-76-02—തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60% സി.എസ്.എസ്) -സംസ്ഥാന വിഹിതം

വിഹിതം : 12,00,000 രൂപ (പദ്ധതി)

59. "മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 12 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 18 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 95 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-75-02— ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി -നെല്ല് (60 % കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

60. "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - നെല്ല് " എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 17000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-73-02 —ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : 3,00,000 രൂപ (പദ്ധതി)

61. "റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 3 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 4.5 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 28.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-72-02—കാർഷിക വനവൽക്കരണ ഉപ പദ്ധതി (60% കേന്ദ്രാവിഷ്കൃതം) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

62. "കാർഷിക വനവൽക്കരണ ഉപ പദ്ധതി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 3.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-71-02—നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

63. "നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് " എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6292 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-69-02—ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

വിഹിതം : 8,00,000 രൂപ (പദ്ധതി)

64. "ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 8 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 12 ലക്ഷം രൂപ ധനപുനഃവിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10-1-2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 13.33 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-68-02—ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി -ചെറുധാന്യങ്ങൾ(60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

65. "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി - ചെറുധാന്യങ്ങൾ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 82000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-796-67-02—ദേശീയ പ്രകൃതി കൃഷി ദൗത്യം (60% CSS) -40% സംസ്ഥാന വിഹിതം

വിഹിതം : ഇല്ല

66. "ദേശീയ പ്രകൃതി കൃഷി ദൗത്യം" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.3 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-91—പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

67. പ്രകൃതിദുരന്തങ്ങൾ അപ്രതീക്ഷിതമായി ഉണ്ടാകുന്ന സാഹചര്യത്തിൽ എയിംസ് പോർട്ടലിൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 76.107479 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-28—മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർധിപ്പിക്കലും

വിഹിതം : 31,15,00,000 രൂപ (പദ്ധതി)

68. സംസ്ഥാനത്തെ പാടശേഖരങ്ങളിൽ 1.5 ലക്ഷം ഹെക്ടറിൽ കുമ്മായം ലഭ്യമാക്കുന്നതിനായി 64.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-004-88—കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

വിഹിതം : 30,00,000 രൂപ (പദ്ധതി)

69. പരിശീലന കേന്ദ്രത്തിലെ ജീവനക്കാരുടെ ശമ്പളവും നടത്തിപ്പിനാവശ്യമായ മുഴുവൻ തുകയും പ്ലാൻ ശീർഷകത്തിൽ നിന്നായതിനാൽ 45 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-277-98—സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

വിഹിതം : 3,35,00,000 രൂപ (പദ്ധതി)

70. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് സ്കീമിന്റെ ഭാഗമായി ആരംഭിച്ച പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഹെൽത്ത് മാനേജ്മെന്റ് കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിക്കുന്നതിനായി 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-101-85—വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം : 21,50,00,000 രൂപ (പദ്ധതി)

71. വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ എന്ന ഘടകത്തിനായി 2026-27 സാമ്പത്തിക വർഷത്തിലെ ഓണവിപണികൾക്കും പഴം, പച്ചക്കറികളുടെ വിലനിയന്ത്രണത്തിനും പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-800-99—മാർക്കറ്റ് വികസനം

വിഹിതം : 6,90,00,000 രൂപ (പദ്ധതി)

72. കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകളുടെ വിപുലീകരണം, പുതിയ ഷോപ്പുകൾക്കുള്ള ധനസഹായം, കേരള ഗ്രോ ഉൽപ്പന്നങ്ങളുടെ ട്രാൻസ്പോർട്ടേഷൻ സബ്സിഡി, കേരള ഗ്രോ ഉൽപന്നങ്ങളുടെ ബ്രാൻഡിംഗ്, പ്രൊമോഷൻ, പരസ്യം എന്നീ ഘടകങ്ങൾക്കായി 1.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-800-94—വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

73. അഗ്രി സ്റ്റാർട്ട് അപ്പ്, അഗ്രി ബിസിനസ് ഇൻക്യുബേറ്ററുകളുടെ സഹായം, തേനീച്ച വളർത്തലിനും തേൻ ഉത്പാദനത്തിനുമുള്ള ധനസഹായം, പ്രാഥമിക കാർഷിക സഹകരണ സംഘം/കാർഷിക കർമ്മസേന/കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് കൊപ്ര ഉണക്കൽ യൂണിറ്റുകൾ, കർഷക ഉത്പാദക സംഘടനകളെ സഹായിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് നൽകുന്ന ധനസഹായം, സംസ്കരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന പദ്ധതി അധിഷ്ഠിത സഹായം, ചെലവ് കുറഞ്ഞ പിക്ക് അപ്പ് വാഹനങ്ങൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾക്കും KAICO യുടെ ചക്ക സംസ്കരണ ഫാക്ടറി, VAFPCL (വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി) എന്നിവയ്ക്കുമായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4401-00-104-98—ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

74. പ്രസ്തുത പദ്ധതിയിൽ 2025-26 വർഷം ഏറ്റെടുത്തിരിക്കുന്ന പ്രവർത്തികളുടെ ക്ലെയിമുകൾ അനുവദിക്കുന്നതിന് 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള കാർഷിക സർവ്വകലാശാല**

2415-01-188-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം -ശമ്പളം

വിഹിതം : 4,62,10,56,000 രൂപ (പദ്ധതിയേതരം)

75. പെൻഷൻകാർക്ക് പരിഷ്കരിച്ച പെൻഷൻ ആനുകൂല്യങ്ങൾ, മറ്റ് വിരമിക്കൽ ആനുകൂല്യങ്ങൾ, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അധ്യാപകർക്ക് നൽകേണ്ട തുക, തൊഴിലാളികളുടെ വേതന പരിഷ്കരണ, അനധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ, TSEL കുടിശ്ശികകൾ എന്നിവ അനുവദിക്കുന്നതിനായും 2026-27 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന അധിക പദ്ധതിയേതര ബാധ്യതകൾ നിർവ്വഹിക്കുന്നതിനായും 169.45 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-188-99—കേരള കാർഷിക സർവ്വകലാശാല ഗ്രാന്റ് ഇൻ എയ്ഡ്- സഹായധനം - ശമ്പളേതരം

വിഹിതം : 78,00,00,000 രൂപ (പദ്ധതി)

76. ഗവേഷണം, വിജ്ഞാന വ്യാപനം, അടിസ്ഥാന സൗകര്യ വികസനം, ഇ-ഗവേർണൻസ്, വിദ്യാർത്ഥി ക്ഷേമം എന്നീ ഘടകങ്ങളിലെ വളരെ അത്യാവശ്യമായി പ്രാവർത്തികമാക്കേണ്ട കാർഷിക മേഖലയിലെ ഉന്നമനത്തിനായുള്ള പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം (35), സഹായധനം-ശമ്പളേതരം (36) എന്നീ ഇനങ്ങളിലായി 5.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

2402-00-102-85-91—ഉദ്യോഗസ്ഥൻമാർക്ക് പരിശീലന പരിപാടി - പരിശീലനം

വിഹിതം: 1,00,000 രൂപ (പദ്ധതി)

77. പരിശീലന പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങളായ സെമിനാറുകൾ, കാർഷിക ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും, പ്രദർശനങ്ങൾ നടത്തുന്നതിനും ഡെറാഡൂണിലെ ഐ.ഐ.എസ്.ഡബ്ല്യൂ.സി.-ലേയ്ക്ക്

ഉദ്യോഗസ്ഥരെ പരിശീലനത്തിന് നിയോഗിക്കുന്നതിനും സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ (ഐ.ഡബ്ല്യൂ.ഡി.എം.കെ, ചടയമംഗലം) ശാക്തീകരണത്തിനും ദൈനംദിന ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-102-75—കോൾ ഏരിയ-കനാൽ പരിപാലനം, കള നീക്കം ചെയ്യൽ, സസ്യവളർച്ച നിയന്ത്രിക്കൽ, ജലത്തിന്റെ ഗുണനിലവാരവും പമ്പിംഗ് കാര്യക്ഷമതയും വർദ്ധിപ്പിക്കൽ

വിഹിതം: 1,00,00,000 രൂപ (പദ്ധതി)

78. പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-102-98— ഡെവലപ്പ്മെന്റ് ഓഫ് മൈക്രോ വാട്ടർ ഷെഡ്സ്

വിഹിതം : 3,93,00,000 രൂപ (പദ്ധതി)

79. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 9 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എൻ.ഐ.ഡി.എ. (NIDA) ധനസഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിക്ക് നബാർഡ് ധനസഹായം അവസാനിപ്പിച്ചതിനാൽ ടി പദ്ധതിയിൽ ടെൻഡർ ചെയ്ത് നടപ്പിലാക്കി വന്ന പദ്ധതി പ്രവർത്തനങ്ങളുടെ ബിൽ തുക മാറി നൽകുന്നതിനായി 2.48 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-203-91 (06)—കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ - (സംസ്ഥാന പദ്ധതി)

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

80. ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-73—പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം.

വിഹിതം : 25,00,000 രൂപ (പദ്ധതി)

81. പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 2025-26 വാർഷിക പ്ലാനിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ കമ്മിറ്റഡ് എക്സ്പെൻഡീച്ചർ അനുവദിക്കുന്നതിനായും 2.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-70—നവീകരണം / സംരക്ഷണ പ്രവൃത്തികൾ

വിഹിതം : ഇല്ല

82. 2026-27 സാമ്പത്തികവർഷം വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാലും കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ കടുകഴിച്ചിറ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനായും 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4402-00-800-69 (01)—ബജറ്റിൽ വാല്യം II-ൽ ഉൾപ്പെട്ട പദ്ധതികൾ

വിഹിതം : ഇല്ല

83. ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചാത്തംകുളത്തിന്റെ നവീകരണ പദ്ധതിയ്ക്കായുള്ള ശീർഷകത്തിൽ വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

84. Infrastructure implementation-documentation, implementation of e-filing System as per direction of Government എന്നിവയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

2402-00-102-90—മണ്ണ് സംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി

വിഹിതം : 79,91,000 രൂപ (പദ്ധതിയേതരം)

85. മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവ്വേ ചെയ്യുന്ന ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക അനുവദിക്കുന്നതിനായി 36507 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

4551-60-800-98—കാസർഗോഡ് വികസന പാക്കേജ്

വിഹിതം : 78,00,00,000 രൂപ (പദ്ധതി)

86. കാസർഗോഡ് വികസന പാക്കേജിൽ അധിക പദ്ധതികൾ ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

4575-60-800-96—ഇടുക്കി വികസന പാക്കേജ്

വിഹിതം: 78,00,00,000 രൂപ (പദ്ധതി)

87. മുൻ വർഷങ്ങളിലെ spill over commitment-ന് ആവശ്യമായ തുക ഉൾപ്പെടെ 101.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4575-60-800-95—വയനാട് വികസന പാക്കേജ്

വിഹിതം: 75,00,00,000 രൂപ (പദ്ധതി)

88. ആരോഗ്യ സ്ഥാപനങ്ങളും സ്കൂൾ കെട്ടിടങ്ങളും നവീകരിക്കുന്നതിനും മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനുമായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ**

വോട്ട് ചെയ്തത് : 6268,10,80,000

ചാർജ്ജ് ചെയ്തത് : ഇല്ല

5475-00-800-74-00-21-1—ഘട്ടം ഘട്ടമായി നിർത്തലാക്കിയ സർക്കാർ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനുള്ള ഫണ്ട് – മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

89. കൃഷിവകുപ്പിലെ 15 വർഷത്തിലധികമായ സർക്കാർ വാഹനങ്ങൾ ഉപയോഗ യോഗ്യമല്ലാത്തതിനാൽ മാറ്റി വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം**

വോട്ട് ചെയ്തത് : 2333,63,67,000 രൂപ

ചാർജ്ജ് ചെയ്തത് :1000 രൂപ

**കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ**

2408-02-190-98—കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ- വത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായം

വിഹിതം : 10,00,000 രൂപ (പദ്ധതി)

90. ERP പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.299 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

4408-02-101-98—ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം : 1,00,000 രൂപ (പദ്ധതി)

91. കാസർഗോഡ് ജില്ലയിലെ പെരിയയിൽ 1735MT കപ്പാസിറ്റിയുള്ള ഗോഡൗൺ നിർമ്മാണ പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിലേക്കായി 3.72 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-190-99—കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മുതൽ മുടക്ക്

വിഹിതം : ഇല്ല

92. കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഓഹരി മൂലധന വിഹിതമായി 4.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

**ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം**

വോട്ട് ചെയ്തത് : 1279,35,07,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2403-00-001-99—ഭരണവും നടത്തിപ്പും

വിഹിതം : 17,05,66,000 രൂപ (പദ്ധതിയേതരം)

93. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 1.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-001-98—ജില്ലാ ഭരണം

വിഹിതം : 36,96,09,000 രൂപ (പദ്ധതിയേതരം)

94. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-98—ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 3,46,46,50,000 രൂപ (പദ്ധതിയേതരം)

95. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 37,50,00,000 രൂപ (പദ്ധതി)

96. വകുപ്പിന്റെ കീഴിലുള്ള ലാബുകളുടെ ശാക്തീകരണത്തിനും പ്രവർത്തനങ്ങൾക്കുമായി 2.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം : 1,20,47,25,000 രൂപ (പദ്ധതിയേതരം)

97. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-87—വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 9,92,36,000 രൂപ (പദ്ധതിയേതരം)

98. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 2.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-86—രോഗ ഗവേഷണം

വിഹിതം : 9,31,03,000 രൂപ (പദ്ധതിയേതരം)

99. വാടക കുടിശ്ശിക നൽകുന്നതിനായി 3.82 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-84—ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

100. കന്നുകാലികളെ മാരകമായി ബാധിക്കുന്ന രക്ത പരാദ രോഗമായ തൈലേറിയ രോഗ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-76—കന്നുകാലി രോഗ നിയന്ത്രണ പ്രോജക്ട്

വിഹിതം : 14,41,50,000 രൂപ (പദ്ധതിയേതരം)

101. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 2.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-71—വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 18,50,44,000 രൂപ (പദ്ധതി)

102. മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തനം, രാത്രികാല അടിയന്തര മൃഗ ചികിത്സാ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിനായി 1.6956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്റ്റ്

വിഹിതം : 1,40,51,55,000 രൂപ (പദ്ധതിയേതരം)

103. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 3.3 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 8,90,00,000 രൂപ (പദ്ധതി)

104. കൃത്രിമ ബീജസങ്കലനത്തിനുള്ള ബീജമാത്രകൾ KLD ബോർഡിൽ നിന്നും വാങ്ങുന്നതിനായി 10.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 51,70,70,000 രൂപ (പദ്ധതിയേതരം)

105. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 10000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-81—ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 16,35,00,000 രൂപ (പദ്ധതി)

106. പക്ഷിപ്പനി മൂലം കള്ളിങ് നടത്തിയ ഫാമുകളിൽ പാരന്റ് സ്റ്റോക്ക് വാങ്ങുന്നതിനും ബയോസെക്യൂരിറ്റി, ബയോസേഫ്റ്റി എന്നിവ വർദ്ധിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 6.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-79—പ്രത്യേക കന്നുകാലി വികസന പദ്ധതി

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

107. പ്രസ്തുത പദ്ധതിയിൽ 40,000 കന്നുകുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി 27.89 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-78—ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 48,50,00,000 രൂപ (പദ്ധതി)

108. മിൽമ, കേരള ഫീഡ്സ് എന്നിവയ്ക്ക് നൽകുവാനുള്ള കമ്മിറ്റഡ് ചിലവുകൾ തീർത്ത് പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യമായ പുതിയ കന്നുകുട്ടികളെ എൻറോൾ ചെയ്യുന്നതിനായി 24.61 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-107-98—സജ്ജീകൃത സമീകൃതാഹാര നിർമ്മാണം

വിഹിതം : 99,25,000 രൂപ (പദ്ധതിയേതരം)

109. ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-108-97—സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോ സമൃദ്ധി)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

110. കർഷകർക്ക് ആകസ്മിക നഷ്ടങ്ങളിൽ നിന്നും പരിരക്ഷ നൽകുന്നതിനും കൂടുതൽ ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-113-93—നവീകരണവും ഇ-ഗവേണൻസും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

111. ഈ-സമൃദ്ധ പദ്ധതി നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, സോഫ്റ്റ്‌വെയർ ആനുവൽ മെയിന്റനൻസ് കരാർ എന്നിവയ്ക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-113-92—മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും - (50% സി.എസ്.എസ്.) - ശമ്പളഘടകം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

112. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ശമ്പളയിനത്തിൽ തുക കണ്ടെത്തുന്നതിന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

2403-00-190-94—കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

113. ഗ്രാമീണ മേഖലയിലുള്ള വിധവകളായ ഗുണഭോക്താക്കൾക്ക് കൈത്താങ്ങായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി (കെപ്കോ ആശ്രയ)ക്കായി 75 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് സാമ്പത്തിക ഭദ്രത സുരക്ഷിതമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കോഴി വളർത്തൽ പദ്ധതി (കെപ്കോ വനിതാ മിത്രം)ക്കായി 2 കോടി രൂപയും സ്കൂൾ കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കോഴി വളർത്തൽ പദ്ധതി (കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്)യ്ക്കായി 1 കോടി രൂപയും ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 50 ലക്ഷം രൂപയും ഇറച്ചിക്കോഴി കർഷകർക്ക് കൈത്താങ്ങായി മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിക്കായി 7.5 ലക്ഷം രൂപയും ഉന്നത സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി നിയന്ത്രിത (ഇ.സി.ഷെഡ്ഡ്) വാണിജ്യ മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായി 5.2 കോടി രൂപയും ഉൾപ്പെടെ 10.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

2403-00-190-93—മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സഹായം

വിഹിതം : 6,14,00,000 രൂപ (പദ്ധതി)

114. മാംസ സംസ്കരണത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എം.പി.ഐ-യ്ക്കുള്ള പ്രവർത്തന മൂലധനമായി 13.5 കോടി രൂപയും എം.പി.ഐ. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും സെയിൽസ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭക സഹായ പദ്ധതിക്കായി 1.9 കോടി രൂപയും 2011-12 കാലഘട്ടത്തിൽ എം.പി.ഐ. ഹെഡ്ഓഫീസ് ക്യാമ്പസിൽ പണിതീർത്ത 8 ഓളം പന്നിവളർത്തൽ ഷെഡ്ഡുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി 2.46 കോടി രൂപയും ഉൾപ്പെടെ 17.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 11,20,00,000 രൂപ (പദ്ധതി)

115. ക്ഷീരകർഷകർക്ക് 2026-27 സാമ്പത്തിക വർഷം 200000 MT കാലിത്തീറ്റ ടണ്ണൊന്നിനു 1000 രൂപ കുറച്ചുനൽകുന്നതിനായി 13.05 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ 300 മെട്രിക് ടൺ പ്രതിദിന ഉൽപാദന ശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഭൂഉടമകൾക്ക് നഷ്ടപരിഹാര തുക നൽകുന്നതിനായി 20 കോടി രൂപയും കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ റെയിൽ വഴിയുള്ള ഗതാഗത ച്ചെലവിനായി 6.25 കോടി രൂപയും കേരള ഫീഡ്സ് ലിമിറ്റഡിന്റെ കല്ലേറ്റുംകര യൂണിറ്റിലെ ഇരുപത്തിയഞ്ച് വർഷം പഴക്കം ചെന്ന 8 സൈലോകളുടെ നവീകരണത്തിനായി 1 കോടി രൂപയും ഉൾപ്പെടെ 40.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

6403-00-190-91—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള വായ്പകൾ (നബാർഡ് - ആർ.ഐ.ഡി.എഫ്)

വിഹിതം : 11,00,00,000 രൂപ (പദ്ധതി)

116. കേരള ഫീഡ്സിന്റെ കല്ലേറ്റുംകര, കോഴിക്കോട് യൂണിറ്റുകളിൽ 3.6 MW സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വിവിധ യൂണിറ്റുകളിലെ ഉല്പാദന ഉപകരണങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിനുമായി 14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 30,46,56,000 രൂപ (പദ്ധതി)

117. കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കി വരുന്ന ഹേർഡ് ബുക്ക് സ്കീം പദ്ധതിക്കായി 14 ലക്ഷം രൂപയും മലബാറി ആടുകളുടെ സംരക്ഷണവും മെച്ചപ്പെടുത്തലും പദ്ധതിക്കായി 10 ലക്ഷം രൂപയും മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്കായി 5 ലക്ഷം രൂപയും കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന

സൗകര്യ വികസനത്തിനുള്ള പദ്ധതിക്കായി 70 ലക്ഷം രൂപയും ആടുകളുടെ കൃത്രിമ ബീജാദാനത്തിനായി ഗാഢശീതീകരിച്ച ബീജമാത്രകളുടെ ഉത്പാദനവും വിതരണവും പദ്ധതിക്കായി 78 ലക്ഷം രൂപയും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് തീറ്റപ്പുൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും തീറ്റപ്പുൽ ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിക്കായി 80 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലുമുള്ള മോഡേൺ ബുൾമദർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിക്കായി 90 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിക്കായി 60 ലക്ഷം രൂപയും കേരളത്തിന്റെ തനത് ജനുസുക്കളായ വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, മറ്റ് നാടൻ ജനുസുക്കളുടേയും സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള പദ്ധതിക്കായി 10.44 ലക്ഷം രൂപയും വിത്തു കാളകളുടെ ജീനോമിക് തെരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി പദ്ധതിക്കായി 50 ലക്ഷം രൂപയും തീറ്റപ്പുൽ വിത്തുൽപ്പാദനവും വിപണനവും പദ്ധതിക്കായി 35 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സന്തതി പരിശോധനാ പദ്ധതിക്കായി 8 ലക്ഷം രൂപയും പാലക്കാട് ജില്ലയിലെ കെ.എൽ.ഡി. ബോർഡിന്റെ ധോണി ഫാമിൽ തീറ്റപ്പുൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മഴവെള്ളം അധികമായി സംഭരിച്ച് അവിടുത്തെ ജലസ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിയ്ക്കായി 40 ലക്ഷം രൂപയും സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിൽ പ്രീമിയം ബുൾ സെമൻ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 23 ലക്ഷം രൂപയും കന്നുകാലികളുടെ വന്ധ്യതാ നിരീക്ഷണ കേന്ദ്രം & റഫറൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 45 ലക്ഷം രൂപയും കർഷക തലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 60 ലക്ഷം രൂപയും സാറ്റലൈറ്റ് ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 27 ലക്ഷം രൂപയും ഹീഫർ റിയറിംഗ് സെന്റർ ധോണി ഫാമിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 5.525 കോടി രൂപയും മാതൃ പന്നികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 50 പെൺ പന്നികളുടെ യൂണിറ്റ് കോലാഹലമേട് ഫാമിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 1.2056 കോടി രൂപയും ഉൾപ്പെടെ 13.785 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2403-00-188-99-31—കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളം

വിഹിതം : 106,92,85,000 രൂപ (പദ്ധതിയേതരം)

118. സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, മറ്റ് കുടിശ്ശികകൾ, വിരമിച്ച ജീവനക്കാർക്കുള്ള ശമ്പളപരിഷ്കരണ, ക്ഷാമബത്ത, സറണ്ടർ, പെൻഷൻ ഇനങ്ങളിലുള്ള കുടിശ്ശികകൾ എന്നിവ അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 161.451 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം**

വോട്ട് ചെയ്തത് : 252,90,67,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2404-00-001-99—ഭരണവും നടത്തിപ്പും - ഡയറക്ടേറ്റ്

വിഹിതം : 11,04,44,000 രൂപ (പദ്ധതിയേതരം)

119. ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 1.42 ലക്ഷം രൂപയും 05(4) ഓഫീസ് ചെലവുകൾ - മറ്റിനങ്ങളിൽ 2.15 ലക്ഷം രൂപയും ഉൾപ്പെടെ 3.57 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-98—ജില്ലാ ഭരണം

വിഹിതം : 31,47,17,000 രൂപ (പദ്ധതിയേതരം)

120. ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 3 ലക്ഷം രൂപയും 05 (2) ഓഫീസ് ചെലവുകൾ വൈദ്യുതി ചെലവ് ഇനത്തിൽ 1.75 ലക്ഷം രൂപയും 05(4) ഓഫീസ് ചെലവുകൾ – മറ്റിനങ്ങളിൽ 1.5 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 4.5 ലക്ഷം രൂപയും 21(2) മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ 5.62 ലക്ഷം രൂപയും 45(പി.ഒ.എൽ.)ഇനത്തിൽ 6.36 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22.73 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-97—വികസന പ്രവർത്തന ഘടകങ്ങൾ

വിഹിതം : 62,53,94,000 രൂപ (പദ്ധതിയേതരം)

121. ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ - യാത്രാബത്ത ഇനത്തിൽ 8.39 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-79-33—കാലിത്തീറ്റക്കുള്ള സബ്സിഡി - സബ്സിഡികൾ

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

122. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം, സമീകൃത കാലിത്തീറ്റയുടെ അധികരിച്ച വില വർദ്ധനവ് എന്നിവ പരിഗണിച്ച് കൂടുതൽ ഗുണഭോക്താക്കൾക്ക് പച്ചപ്പുല്ലും സൈലേജ്, റ്റി.എം.ആർ., മറ്റ് തീറ്റ വസ്തുക്കൾ എന്നിവ സബ്സിഡി നിരക്കിൽ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

123. കേരളത്തിലെ ക്ഷീര മേഖലയിൽ ഉത്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ആയതിനാൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ തരിശു ഭൂമിയിൽ പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-76-34-03—ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷുറൻസ് പദ്ധതിക്ക് ധനസഹായം - മറ്റു ചെലവുകൾ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

124. ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങൾക്കുള്ള ക്ഷീര സാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ ഇൻഷുറൻസ് പ്രീമിയം ഒടുക്കുന്നതിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-98—ക്ഷീരവികസന പരിശീലന കേന്ദ്രം

വിഹിതം : 8,16,48,000 രൂപ (പദ്ധതിയേതരം)

125. ഈ ശീർഷകത്തിൽ 04(1) യാത്രാചെലവുകൾ -യാത്രാബത്ത ഇനത്തിൽ 1.07 ലക്ഷം രൂപയും 05(4) ഓഫീസ് ചെലവുകൾ – മറ്റിനങ്ങളിൽ 20,000 രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 1.75 ലക്ഷം രൂപയും ഉൾപ്പെടെ 3.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-93—വാണിജ്യഡയറി, മിൽക്ക്ഷെഡ് വികസന പരിപാടി

വിഹിതം : 40,00,00,000 രൂപ (പദ്ധതി)

126. 2026 - 27 വർഷം സ്വയംപര്യാപ്ത ക്ഷീര കേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിനായി കൂടുതൽ പശുക്കളെ അന്യസംസ്ഥാനത്ത് നിന്നും വാങ്ങുന്നതിന് പുതിയതായി ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശരഹിത വായ്പ ഇനത്തിൽ ധനസഹായം അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.66 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4404-00-102-84—ധർമ്മടത്ത് ആഗോള ക്ഷീര ഗ്രാമം സ്ഥാപിക്കൽ

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

127. ധർമ്മടം നിയോജക മണ്ഡലത്തിൽ 10.91 ഹെക്ടർ സ്ഥലം ഏറ്റെടുത്തുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് പ്രോജക്ടിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4404-00-109-95—ഗുണനിലവാര പരിശോധന- ലാബുകളുടെ ശാക്തീകരണം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

128. സ്റ്റേറ്റ് ഡയറി ലാബ്, 3 റീജിയണൽ ഡയറി ലാബുകൾ, 14 ജില്ലാ ലാബുകൾ, മൊബൈൽ ലാബുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 60 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം**

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 768,24,02,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2405-00-001-99—ഭരണവും നടത്തിപ്പും - നടത്തിപ്പ്

വിഹിതം : 66,89,98,000 രൂപ (പദ്ധതിയേതരം)

129. 2026-27-ലെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 33 മത്സ്യഭവനുകൾക്കായി 33 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരുടെയും,33 ഫിഷറീസ് ഓഫീസർമാരുടെയും ശമ്പള ഇനത്തിലും മറ്റു ആനുകൂല്യങ്ങൾക്കും യാത്രാചെലവ്, ഓഫീസ് ആവശ്യങ്ങൾ

എന്നിവയ്ക്കുമായി 4.95 കോടി രൂപയും 2405-00-001-99-05-02 വൈദ്യുതി ചാർജ്ജ് ഇനത്തിൽ (നോൺ പ്ലാൻ) 50 ലക്ഷം രൂപയും RRT ഇനത്തിൽ നിലവിൽ ജില്ലകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് തുക അനുവദിക്കുന്നതിന് 2405-00-001-99-06-00 (നോൺ പ്ലാൻ) ശീർഷകത്തിൽ 6.27 ലക്ഷം രൂപയും ഉൾപ്പെടെ 5.5127 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-87—മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ

വിഹിതം : 1,02,50,000 രൂപ (പദ്ധതിയേതരം)

130. ഹാച്ചറികൾ/ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-52 —ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടവും നിർവ്വഹണവും

വിഹിതം : 80,00,000 രൂപ (പദ്ധതി)

131. അക്വാട്ടിക് അനിമൽ ലാബുകളുടെ പ്രവർത്തനങ്ങൾക്കും ജലത്തിന്റെ ഗുണ നിലവാരത്തിന്റെയും ജലജീവികളുടെ ആരോഗ്യത്തിന്റെയും ആന്റിബയോട്ടിക് അവശിഷ്ടത്തിന്റെയും പരിശോധനാ ചിലവുകൾ, രോഗബാധാ നിർണയം, മരുന്നുകൾ, രോഗനിവാരണം എന്നിവയ്ക്കുള്ള ചെലവുകൾക്ക് 20 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-101-48—അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

വിഹിതം : 7,11,00,000 രൂപ (പദ്ധതി)

132. അക്വാകൾച്ചർ എക്സ്റ്റൻഷൻ സർവ്വീസ് - ജലകൃഷി വിപുലീകരണ പദ്ധതിക്കും, വിഷൻ 2031 പദ്ധതിയുടെ ഭാഗമായി മത്സ്യോല്പാദന ലക്ഷ്യം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് വിവര ശേഖരണം, ഡോക്യുമെന്റേഷൻ എന്നിവയ്ക്കും അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കും അക്വാകൾച്ചർ പ്രൊമോട്ടർമാർ, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരുടെ സേവനത്തിനുമായും 5.89 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-91—മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

133. കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതുതായി വന്ന ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കുമായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-86—മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

134. കാലാവസ്ഥാ വ്യതിയാനവും അനിശ്ചിതമായ കാലാവസ്ഥാ സാഹചര്യങ്ങളും മൂലം വർഷത്തിലെ ഭൂരിഭാഗം സമയങ്ങളിലും കടൽ പ്രക്ഷുബ്ധമായ നിലയിലായിരിക്കുകയും കടൽ അപകടങ്ങൾ വർദ്ധിച്ചുവരികയും ചെയ്യുന്നതിനാൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയ മറൈൻ ആംബുലൻസുകളുടെ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി(100% എൻ.സി. ഡി.സി. സഹായം) (സംസ്ഥാന വിഹിതം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

135. സർക്കാരിൽ സമർപ്പിച്ചിട്ടുള്ള എൻ.സി.ഡി.സി., ഐ.എഫ്.ഡി.പി. 2024-25 പദ്ധതികളുടെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം 2.2667 കോടി രൂപയും, 2025-26 പദ്ധതിയുടെ സബ്സിഡി തുകയായ 2.244 കോടി രൂപയും ഉൾപ്പെടെ 5.0107 കോടി രൂപ ആവശ്യമായതിനാൽ 4.5107 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-80—മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 49,00,00,000 രൂപ (പദ്ധതി)

136. മത്സ്യഫെഡിന് പലിശ സബ്സിഡി ഇനത്തിൽ മുൻ വർഷങ്ങളിൽ ലഭിക്കുവാനുള്ള തുകയായ 7 കോടി രൂപയും 2026-27 വർഷത്തിൽ അധികമായി ആവശ്യമായ 2 കോടി രൂപയും ഉൾപ്പെടെ ആകെ 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-76—സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

137. കാലാവസ്ഥാ വ്യതിയാനവും അനിശ്ചിതമായ കാലാവസ്ഥാ സാഹചര്യങ്ങളും മൂലം കടൽ അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-73—മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

വിഹിതം : 50,00,000 രൂപ (പദ്ധതി)

138. പൊഴിയൂർ, അജാനൂർ, കൈപ്പമംഗലം എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-72—പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കൽ

വിഹിതം : 1,00,000 രൂപ (പദ്ധതിയേതരം)

139. ഇന്ധന വില വർദ്ധിച്ച സാഹചര്യത്തിൽ, ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-70—സമുദ്ര ജലകൃഷി പ്രവർത്തനങ്ങൾ

വിഹിതം : 1,60,00,000 രൂപ (പദ്ധതി)

140. സമുദ്രത്തിൽ മത്സ്യലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമുദ്ര കൂട് കൃഷി നടപ്പാക്കുന്നതിലേക്കായി 8.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

141. സാഫിന്റെ തീര മാവേലി സൂപ്പർമാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സബ്സിഡി ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന സഞ്ചിത

നഷ്ടതുകയുടെ 25 ശതമാനം സപ്ലൈക്കോയ്ക്ക് നൽകുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-86—മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

142. നിർമ്മാണത്തിലിരിക്കുന്ന മാർക്കറ്റുകളുടെ പൂർത്തീകരണത്തിനും മൂല്യ വർദ്ധിത വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 1 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-91—വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വിഹിതം : 1,30,00,000 രൂപ (പദ്ധതി)

143. വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, വിജ്ഞാന വ്യാപനത്തിനും ട്രെയിനിംഗിനും, പദ്ധതി നിർവ്വഹണ വിലയിരുത്തലിനുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-110-98—പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

144. 2023-24 വർഷത്തിൽ ലഭിക്കാനുള്ള 50 ലക്ഷം രൂപയും 2024-25 വർഷത്തിൽ ലഭിക്കാനുള്ള 100 ലക്ഷം രൂപയും 2025-26-ൽ ലഭിക്കാനുള്ള 175.6 ലക്ഷം രൂപയും ഉൾപ്പടെ 3.256 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-110-94—പരമ്പരാഗത/യന്ത്രവത്കൃത മത്സ്യയാനങ്ങളുടെ ആധുനികവത്കരണം/നവീകരണം

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

145. കാലാവസ്ഥാ വ്യതിയാനവും അനിശ്ചിതമായ കാലാവസ്ഥാ സാഹചര്യങ്ങളും മൂലം മെച്ചപ്പെട്ട ആശയവിനിമയ ഉപകരണങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ, യാനങ്ങൾ

എന്നിവയുടെ ആവശ്യം വർധിച്ചിരിക്കുന്നതിനാൽ 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-97—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 28,05,28,000 രൂപ (പദ്ധതിയേതരം)

146. ഓരോ വർഷവും വിദ്യാർത്ഥികൾ കൂടുതലായി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-96—മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 1,18,00,000 രൂപ (പദ്ധതി)

147. അനുബന്ധത്തൊഴിലാളികളുടെ ഇൻഷ്വറൻസ് ആനുകൂല്യം ഇരട്ടിയാക്കാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിക്കുന്ന സാഹചര്യത്തിൽ 1.18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-121-92—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

148. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് ആനുകൂല്യം ഇരട്ടിയാക്കാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിക്കുന്ന സാഹചര്യത്തിൽ 18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-188-99—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്

വിഹിതം : 37,50,00,000 രൂപ (പദ്ധതി)

149. പയ്യന്നൂർ ഫിഷറീസ് കോളേജ് നിർമ്മാണ പ്രവർത്തനം, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ കൊല്ലം, ഫിഷറീസ് ആൻഡ് ഓഷ്യൻ നോളഡ്ജ് സെന്റർ ചാവക്കാട് എന്നിവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-188-99—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്

വിഹിതം : 18,52,96,000 രൂപ (പദ്ധതിയേതരം)

150. വിരമിച്ച അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ഡി.എ. വർദ്ധനവും ജി.പി.എഫ്. അക്കൗണ്ടിൽ വിഹിതം അടയ്ക്കുന്നതിനും പദ്ധതിയേതര വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിനുമായി 239.9153 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-190-95—കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ. എ. വി.ഐ. എൽ.)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

151. കമ്പനി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി അലങ്കാര മത്സ്യമാർക്കറ്റിംഗ് വിപുലീകരിക്കുന്നതിനും കമ്പനി ലാഭകരമാക്കുന്നതിനും അലങ്കാര മത്സ്യകർഷരിൽ നിന്നും ശേഖരിക്കുന്ന മത്സ്യങ്ങൾ KAVIL വഴി മറ്റ് സംസ്ഥാനങ്ങളിലേക്കും ബയർ സെല്ലർ മീറ്റ് വഴിയും വിറ്റഴിക്കുന്നതിനും ബയർ സെല്ലർ മീറ്റിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും വിപുലീകരണത്തിനും 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-91—കേരള അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് (ADAK) ഒറ്റത്തവണ സഹായം

വിഹിതം : ഇല്ല

152. G.O. (Ms.) No. 69/2010/F&Pd dated 4-9-2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അഡാക്കിലെ 52 ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം : 66,90,000 രൂപ(പദ്ധതിയേതരം)

153. 57 മുതൽ 64 വരെയുള്ള പട്ടികളിലും (6,28,034 രൂപ) അതിന് മുൻപുള്ള പട്ടികകളിലും കടാശ്വാസം ലഭിച്ചിട്ടില്ല എന്ന പരാതികൾ വരുന്ന കേസുകളിലും കടാശ്വാസം നൽകുന്ന കാലയളവ് 31-12-2016 വരെ പരിഗണിക്കുന്നതിന് ശിപാർശ സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത കടാശ്വാസം നൽകുന്നതിനും ചെയർപേഴ്സന്റെ ശമ്പളം ഉൾപ്പെടെയുള്ള ചെലവുകൾക്കുമായി 58.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി(100% എൻ.സി.ഡി.സി സഹായം)

വിഹിതം : 50,00,000 രൂപ (പദ്ധതി)

154. സർക്കാരിൽ സമർപ്പിച്ചിട്ടുള്ള എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള ഐ.എഫ്.ഡി.പി. 2024-25 പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനം 416.67 ലക്ഷം രൂപയിൽ ബാക്കി ലഭിക്കുവാനുള്ള 399.17 ലക്ഷം രൂപയും 2025-26-ലെ പദ്ധതി പ്രകാരമുള്ള 412.5 ലക്ഷം രൂപയും ഉൾപ്പടെ 8.1167 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-94—തീരദേശ റോഡുകളുടെ നവീകരണം

വിഹിതം : 95,00,00,000 രൂപ (പദ്ധതിയേതരം)

155. മുൻ വർഷങ്ങളിലെ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനുമായി ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-89—പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽതാമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

വിഹിതം : 64,20,00,000 രൂപ (പദ്ധതി)

156. പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവ വിതരണം ചെയ്യുന്നതിനും നിർമാണത്തിലിരിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളുടെയും ഉടൻ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ബിൽ തുകകൾ അനുവദിക്കുന്നതിനുമായി 35.8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-87—യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി

വിഹിതം : ഇല്ല

157. കടൽത്തീരത്ത് വർദ്ധിച്ചു വരുന്ന വലകളുടെ ആവശ്യം നിറവേറ്റുന്നതിനായി വിഭാവനം ചെയ്ത പ്രസ്തുത പദ്ധതിക്കായി 2026-27 വർഷം ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 19.8864 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-55—മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല

158. മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീക്കുപ്പ് ചെയ്ത് നൽകുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-54—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

159. Tranche XXVII, XXVIII, XXIX, XXX എന്നീ പ്രവൃത്തികൾക്കായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-37—മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണു നീക്കലും

വിഹിതം : 12,30,00,000 രൂപ (പദ്ധതി)

160. മത്സ്യബന്ധന തുറമുഖങ്ങളിലെ ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 27.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-36—പി.എം.എം.എസ്.വൈ.-കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി

വിഹിതം : 25,00,00,000 രൂപ (പദ്ധതി)

161. പൊന്നാനി, പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണം, ആധുനികവൽക്കരണം, ആലപ്പുഴ, അഴീക്കൽ, താനൂർ, ചെറുവത്തൂർ, ചോമ്പാൽ, ചേറ്റുവ, പൊന്നാനി, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾ, ഡ്രഡ്ജിംഗ്, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വിപുലീകരണം എന്നീ പ്രവർത്തികൾക്കായി 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-33—മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (LAR)

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

162. വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-31—തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലുകളും

വിഹിതം : 3,31,00,000 രൂപ (പദ്ധതി)

163. ആവിത്തോട്, മുഖദാർ എന്നീ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെയും പൊഴിയൂർ ഫിഷിംഗ് ഹാർബറിന്റെയും പ്രവൃത്തികൾക്കായും നവകേരള സദസ്സ് പ്രോജക്ടുകൾ, ബജറ്റ് പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നതിനായും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 36.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-27—തീരപരിപാലന പ്രവർത്തനങ്ങൾ (മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ളത്)

വിഹിതം : ഇല്ല

164. മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ള തീരപരിപാലന പ്രവർത്തനങ്ങൾക്കായി 25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-26—അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം-ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന് (FIDF) കീഴിലുള്ള സഹായം

വിഹിതം : ഇല്ല

165. പ്രസ്തുത പദ്ധതിക്കായി 2026-27 സാമ്പത്തിക വർഷം ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി ലഭ്യമായി പ്രവൃർത്തി പൂർത്തീകരിച്ച് ബില്ലുകൾ നൽകുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-109-98—മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങൾ പണി പൂർത്തിയാക്കലും മത്സ്യ ഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

166. നിലവിൽ പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മത്സ്യഭവനുകളിൽ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾക്കും കമ്പ്യൂട്ടർ പോലുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-190-97—എൻ.ബി.സി.എഫ്.ഡി.സി. ആൻഡ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

വിഹിതം : 30,00,000 രൂപ (പദ്ധതി)

167. 2023-24 വർഷത്തിൽ വകയിരുത്തിയ 100 ലക്ഷം രൂപയും 2024-25 വർഷത്തിൽ വകയിരുത്തിയ 30 ലക്ഷം രൂപയും ഉൾപ്പെടെ 1.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6405-00-195-99—മത്സ്യ ബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിയ്ക്കായി മത്സ്യ ഫെഡിനായി കൊടുക്കുന്ന വായ്പ (എൻ. സി. ഡി. സി. സഹായം )

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

168. ഐ.എഫ്.ഡി.പി. 2024-25 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിക്കായി എൻ.സി.ഡി.സി-യിൽ നിന്നും കേരള സർക്കാരിലേയ്ക്ക് നൽകിയ തുകയിൽ ബാക്കി ലഭിക്കാനുള്ള 16.6333 കോടി രൂപയും, എൻ.സി.ഡി.സി. 2025-26 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വായ്പാ തുകയായ 26.4 കോടി രൂപയും ഉൾപ്പെടെ 43.0383 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

169. കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവിന്റെ വിജയത്തെത്തുടർന്ന് ബ്ലൂ ഇക്കോണമിയിൽ ഗണ്യമായ സഹകരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നയം രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു ബ്ലൂ ഇക്കോണമി സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

170. തീരദേശ ഉപജീവനവും ടൂറിസവും വൈവിധ്യവൽക്കരിക്കുന്നതിന് സെയിലിംഗ് സ്കൂളുകളും സർഫിംഗ് സ്കൂളുകളും ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

171. ബ്ലൂ ഇക്കോണമി വികസനത്തെ പിന്തുണയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിലേക്കുമായി നിലവിലുള്ള 67 മത്സ്യഭവനുകൾക്കു പുറമേ 33 പുതിയ മത്സ്യഭവനുകൾ കൂടി സ്ഥാപിക്കുന്നതിനായി ഓരോ മത്സ്യഭവനിനും 30 ലക്ഷം രൂപ നിരക്കിൽ 9.9 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പി. പ്രസാദ്,
ചെയർപേഴ്സൺ,
*സബ്ജക്ട് കമ്മിറ്റി* I.

തിരുവനന്തപുരം,
2026 ഫെബ്രുവരി 17.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.